LIBRARY ARCHIVES Kerala Legislative Assembly

വില്പന നികുതി സമാഹരണം

20 [1027] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പന നികുതി സമാഹരണത്തിൽ ഗുരുതരമായ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വീഴ്ച പരിഹരിക്കുവാനും ലക്ഷ്യമിട്ട തുക പിരിച്ചെടുക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) വില്പന നികുതി സമാഹരണത്തിൽ ഗുരുതരമായ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നികുതി പിരിവിൽ മുൻ വർഷത്തേക്കാൾ 11% പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും നികുതി നിർണ്ണയ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കിയും ചെക്ക്പോസ്റ്റുകളുടെയും ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയും റവന്യൂ റിക്കവറി നടപടികൾ വഴിയും നികുതി പിരിവ് ത്വരിതപ്പെടുത്തി ലക്ഷ്യം നേടാൻ തീവ്രശ്രമം നടത്തി വരുന്നു.

തനതു നികുതി വരുമാനം

21 [1028] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04 വർഷങ്ങളിൽ സംസ്ഥാനത്ത് തനതു നികുതി വരുമാനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ:

(ബി) ഈ വർഷങ്ങളിൽ ഓരോ മേഖലയിൽ നിന്നും ലഭിച്ച തുക എത്ര വീതമാണെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) തനതു നികുതി കളക്ഷൻ നടത്തുന്നതിൽ തൻവർഷം ഓരോ മേഖലയിലും കൈവരിക്കാൻ കഴിഞ്ഞ ടാർജറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) തനതു നികുതി കളക്ഷൻ ഊർജ്ജിതമാക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2001-02-ൽ 5923.42 കോടി രൂപയും, 2002-03-ൽ 7302.54 കോടി രൂപയും തനതുനികുതി വരുമാനം ലഭിച്ചു. 2003-04-ലെ അന്തിമ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.